**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ടവരുടെ ഭവനരാഹിത്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതികളിലും പട്ടിക വർഗ്ഗ ഗോത്രങ്ങളിലും പെട്ടവരുടെ ഭവനരാഹിത്യം സമയബന്ധിതമായി പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതിയിലൂടെ നിലവിൽ ഭവനരഹിതരായ പട്ടികജാതിക്കാർക്കും മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വിവിധ ഘട്ടങ്ങളിലായി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വന്നിരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2018-19 വരെ ധനസഹായം അനുവദിച്ചതിൽ പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവറായി ആനുപാതിക നിരക്കിൽ തുടർ ഗഡുക്കൾ അനുവദിച്ചു നൽകുന്നു. |
| (ബി) | ഭവനരഹിതരും ഭൂരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; | (ബി) | പട്ടികജാതി വികസന വകുപ്പ് ഭൂരഹിത ഭവന രഹിതർ- 76308 ഭൂമിയുള്ള ഭവന രഹിതർ - 57047 പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിത ഭവന രഹിതർ- 7930 ഭൂമിയുള്ള ഭവന രഹിതർ-10783 |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾക്ക് അനുവദിച്ച ആകെ വീടുകളുടെ എണ്ണവും പ്രസ്തുത കാലയളവിൽ പണി പൂർത്തിയാക്കാതെ കിടന്നിരുന്നതുൾപ്പെടെ പൂർത്തീകരിച്ച വീടുകളുടെ എണ്ണവും എത്രയെന്നതിന്റെ വിവരം ലഭ്യമാണോ; | (സി) | പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം 39405 വീടുകൾ അനുവദിക്കുകയും അതിൽ 30,069 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2015-16 വരെ ധനസഹായം അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 10220 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ മുഖേന 14126 വീടുകൾ |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും അതിൽ 4387 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ചതും 31.03.2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകളിൽ 11306 എണ്ണം ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലവിൽ വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിയ്ക്കുന്നതും എന്നാൽ വീടുണ്ടെന്ന കാരണത്താൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോകുകയും ചെയ്തവരെ അർഹത ലിസ്റ്റിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീട് ഇല്ലായെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള 36399 ഭൂരഹിത ഭവനരഹിതരുടെയും, 49105 ഭവനരഹിതരുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ ലൈഫ് മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരിശോധിച്ച് അർഹരെന്ന് കണ്ടെത്തിയ 21749 ഭൂരഹിത കുടുംബങ്ങളെയും 34970 ഭവനരഹിത കുടുംബങ്ങളെയും അധികമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടില്ലാത്തതും ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് കണ്ടെത്തുകയും ടി ലിസ്റ്റ് തുടർനടപടിയ്ക്കായി ലൈഫ് മിഷന് കൈമാറുകയും, ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ്

**അനുബന്ധം I**

| പദ്ധതി | വർഷം /ഘട്ടം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| ഭവന നിർമ്മാണ ധനസഹായ പദ്ധതി | 2016-17 | 14906 | 12431 |
| | 2017-18 | 8895 | 7620 |
| പ്രളയത്തിൽ തകർന്നുപോയ വീടുകളുടെ പുനർ നിർമ്മാണം | 2018-19 | 170 | 126 |
| ലൈഫ് മിഷൻ PHASE-II | 2018-19 | 11992 | 8828 |
| ലൈഫ് മിഷൻ PHASE-III | 2020-21 | 3442 | 1064 |
| **ആകെ** | | **39405** | **30069** |

സെക്ഷൻ ഓഫീസർ

പട്ടികവർഗ്ഗ വികസന വകുപ്പ്

**അനുബന്ധം II**

| പദ്ധതി | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ജനറൽ ഹൗസിംഗ്, ഹഡ്കോ വനബന്ധു കല്ല്യാൺ യോജന | 6709 | 1583 |
| ആദിവാസി പുനരധിവാസ മിഷൻ | 1659 | 378 |
| ലൈഫ് മിഷൻ 2-ാം ഘട്ടം | 5758 | 2426 |
| | **14126** | **4387** |

സെക്ഷൻ ഓഫീസർ